"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് - റദ്ദായ ക്ഷേമനിധി അംഗത്വം പുതുക്കുന്നതിന് അവസരം നല്കാൻ അനുമതി നല്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.990/2024/TAXES തീയതി,തിരുവനന്തപുരം, 04-11-2024

---

പരാമർശം:- 1. 13.06.2024-ലെ സ.ഉ.(സാധാ) നം. 525/2024/Taxes നമ്പർ സർക്കാർ ഉത്തരവ്

2. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 27.08.2024-ലെ LWHO/61/2024/E1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ യഥാസമയം അംശദായം അടയ്ക്കാതെ അംഗത്വം റദ്ദായവർക്ക് അദാലത്തിലൂടെ ഒറ്റത്തവണ അംഗത്വം പുതുക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കിയിരുന്നു.

2. എന്നാൽ സമീപകാലത്ത് പെൻഷൻ സ്റ്റാറ്റസിലേയ്ക്ക് മാറേണ്ട ഒട്ടനവധി അംഗങ്ങൾക്ക് അംഗത്വം പുതുക്കാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടെന്നും ഇതു സംബന്ധിച്ച് ധാരാളം പരാതികൾ ലഭിക്കുന്നുണ്ടെന്നും അതിനാൽ റദ്ദായ ക്ഷേമനിധി അംഗത്വം മുൻകാലങ്ങളിൽ പുതുക്കിയിട്ടുള്ളതും, നിലവിൽ സജീവ അംഗം അല്ലാത്തതുമായവർക്ക് അംഗത്വം പുതുക്കുന്നതിനുള്ള ഒരവസരം കൂടി

നല്കണമെന്ന് പരാമർശം (2) പ്രകാരം ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2008- ലെ The Kerala State Lottery Agents' and Sellers' Welfare Fund Act-ൽ, ക്ഷേമനിധി ബോർഡിന് യുക്തിസഹമാണെന്ന് തോന്നുന്ന കാരണങ്ങളാൽ അംഗത്വം പുനഃസ്ഥാപിക്കാൻ അധികാരമുണ്ട് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ, മുൻകാലങ്ങളിൽ അദാലത് വഴി അംഗത്വം പുതുക്കിയിട്ടുള്ളവരും നിലവിൽ സജീവ അംഗങ്ങൾ അല്ലാത്തവരുമായവർക്ക് വീണ്ടും ക്ഷേമനിധി അംഗത്വം പുതുക്കുന്നതിന് ഒരവസരം കൂടി നല്കാൻ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. ചെയർമാൻ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
3. നോഡൽ ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഡയറക്ടറേറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
4. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
5. കരുതൽ ഫയൽ (TAXES-H1/256/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Kabeer. C. A
Date: 04-11-2024 16:11:59
സെക്ഷൻ ഓഫീസർ